പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2199 — 6/10/2016-ൽ മറുപടിക്ക്

## സർക്കാർ സ്കൂളുകളിൽ തസ്തിക നിർണ്ണയം

**ചോദ്യം**

ശ്രീ. റ്റി. വി രാജേഷ്

**ഉത്തരം**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പുമന്ത്രി)

(എ) നിയമന നിരോധനവും സ്റ്റാഫ് ഫിക്സേഷൻ പൂർത്തിയാക്കാത്തതു മൂലവും സംസ്ഥാനത്തെ പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും അദ്ധ്യാപകരുടെ വളരെക്കുറവ് നിയമനങ്ങൾ മാത്രമെ നടന്നിട്ടുള്ളൂ എന്നത് കണക്കിലെടുത്ത്, എയ്ഡഡ് സ്കൂളുകളിൽ അദ്ധ്യാപകരെ സംരക്ഷിച്ചതുപോലെ സർക്കാർ സ്കൂളുകളിലും ആനുപാതികമായ തസ്തിക നിർണ്ണയം നടത്തി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം നല്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?.

(എ) 2015-16- ലെ തസ്തിക നിർണ്ണയം 2016-17 അദ്ധ്യയന വർഷത്തേക്കു കൂടി ബാധകമാക്കിയ നടപടി എയ്ഡഡ് സ്കൂളുകൾക്കും സർക്കാർ സ്കൂളുകൾക്കും ഒരുപോലെ ബാധകം തന്നെയാണ്. സർക്കാർ സ്കൂളുകളിൽ 2015-16 അദ്ധ്യയന വർഷം അർഹതയുണ്ടായിരുന്ന അധിക തസ്തികകൾ അനുവദിച്ച് ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്ത് പരമാവധി നിയമനങ്ങൾ നടത്തണമെന്ന് വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്ക് ജൂൺ മാസത്തിൽ തന്നെ നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ